**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1430** — **04.02.2019-ൽ മറുപടിക്ക്**

**തീരദേശ നിരീക്ഷണ സംവിധാനങ്ങളുടെ കുറവ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നിരീക്ഷണ സംവിധാനങ്ങളുടെ കുറവ് തീരദേശത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | തീരദേശത്ത് പ്രത്യേക നിരീക്ഷണം നടത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവ സദാ ജാഗരൂകരാണ്. ഇതുകൂടാതെ കേന്ദ്ര ഏജൻസികളായ നേവിയും, കോസ്റ്റ് ഗാർഡും തീരദേശ നിരീക്ഷണത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. ജില്ലകളിൽ ഹാർബറുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള കടലോര ജാഗ്രതാ സമിതികൾ വഴിയും നിരീക്ഷണവും വിവരശേഖരണവും നടത്തുന്നുണ്ട്. |
| (ബി) | മനുഷ്യക്കടത്തുപോലുള്ള കാര്യങ്ങൾ എളുപ്പമാക്കുന്നതിന് ഇതുവഴിയൊരുക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | | |
| (സി) | നൂറുകണക്കിന് ബോട്ടുകൾ ദിനംപ്രതി കടലിലിറങ്ങുകയും തിരിച്ചുവരികയും ചെയ്യുന്ന ഹാർബറുകളിൽപോലും നിരീക്ഷണ ക്യാമറകൾ ഇല്ലാത്ത സാഹചര്യമുണ്ടോ;വിശദമാക്കുമോ; | (സി) | എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റു പ്രധാന ഹാർബറുകളിലും ഈ സംവിധാനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | ഓരോ ഹാർബറും കേന്ദ്രീകരിച്ച് എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ | (ഡി) | സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധനയാനങ്ങളും ഫിഷറീസ് വകുപ്പിന്റെ റിയൽക്രാഫ്റ്റ് സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ലഭ്യമാണ്. എൻ.ഐ.സി.യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴി പ്രധാന ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് ഓരോ ദിവസവും മത്സ്യബന്ധനത്തിനു പോകുന്നതും വരുന്നതുമായ യാനങ്ങളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | 12 നോട്ടിക്കൽ മൈൽ മാത്രം അധികാര പരിധിയുള്ള തീരദേശ പോലീസിന്റെ നിരീക്ഷണം കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ഇ) | അത്തരം റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ കോസ്റ്റൽ വാർഡന്മാരായി ഏതാനും ജില്ലകളിൽ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (എഫ്) | പരിഗണനയിലുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള 200 യുവാക്കളെ വ്യവസ്ഥകൾക്ക് വിധേയമായി താത്ക്കാലികമായി കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**